©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 സെപ്റ്റംബർ 4<br>4th September 2018<br>1194 ചിങ്ങം 19<br>19th Chingam 1194<br>1940 ഭാദ്രം 13<br>13th Bhadra 1940 | നമ്പർ<br>No. | 35 |

# PART III

# Dairy Development Department

**കോട്ടയം ജില്ലാ ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ: റ്റി.കെ. അനികുമാരി, ഡെപ്യൂട്ടി ഡയറക്ടർ)

(1)

നമ്പർ ഡി-854/2016/കെ.ഡിസ്. 2018 ജൂലൈ 20.

വിഷയം:—ക്ഷീര വികസന വകുപ്പ്, കോട്ടയം—ഈരാറ്റുപേട്ട ബ്ലോക്ക്, നരിയങ്ങാനം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ-145 (ഡി)—ആപ്കോസ്—നിർത്തൽ ചെയ്യൽ KCS Act വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ ഓഫീസിലെ 9-6-2016-ലെ ഇതേ നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 31-3-2018-ലെ 221/2018 നമ്പർ കത്ത്.

(3) ഡയറി ഡയറക്ടറുടെ 12-6-2018-ലെ സി3/13909/2015 നമ്പർ കത്ത്.

ദീർഘകാലമായി പ്രവർത്തനം നിലച്ചിരുന്ന ഈരാറ്റുപേട്ട ബ്ലോക്കിലെ നരിയങ്ങാനം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ-145 (ഡി)—ആപ്കോസിന്റെ പ്രവർത്തനം ഒരു വിധത്തിലും പുനരാരംഭിക്കാൻ സാധിക്കുകയില്ലെന്ന പൂഞ്ഞാർ ക്ഷീരവികസന ആഫീസറുടെ സെക്ഷൻ 66 അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പൂഞ്ഞാർ ക്ഷീരവികസന ആഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിട്ടുള്ളതാകുന്നു.

എന്നാൽ സംഘത്തിന്റെ രേഖകളും ആസ്തികളും സംബന്ധിച്ച് യാതൊന്നും ലഭ്യമല്ലാത്തതിനാലും ഗസറ്റ് നോട്ടിഫിക്കേഷനും ക്ലെയിം നോട്ടീസിനും ശേഷം യാതൊരു ക്ലെയിമും ലഭ്യമാകാത്ത സാഹചര്യത്തിലും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിന് പരാമർശം (2) പ്രകാരം ലിക്വിഡേറ്റർ ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ഡയറി ഡയറക്ടറുടെ അനുമതി വാങ്ങിയിട്ടുള്ളതുമാകുന്നു.

ഉത്തരവ്

ഈ സാഹചര്യത്തിൽ ഈരാറ്റുപേട്ട ബ്ലോക്കിലെ നരിയങ്ങാനം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.-145 (ഡി)-യുടെ രജിസ്ട്രേഷൻ 1969-ലെ സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും സംഘം പിരിച്ചുവിട്ടതായി പ്രഖ്യാപിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ പ്രവർത്തന പരിധി ഉൾപ്പെടുത്തി ഈ ഉത്തരവ് ലഭിച്ച് 3 മാസത്തിനകം പുതിയ സംഘം രൂപീകരിക്കേണ്ടതാണ്.

ലിക്വിഡേറ്ററുടെ കൈവശമുള്ള സംഘത്തിന്റെ മുഴുവൻ രേഖകളും 3 വർഷത്തേക്ക് സൂക്ഷിച്ചുവയ്ക്കേണ്ടതുമാണ്. ഈ ഉത്തരവിന് ഇന്നേ ദിവസം മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(2)

നമ്പർ ഡി-3378/2016. 2018 ജൂലൈ 20.

വിഷയം:— ക്ഷീരവികസന വകുപ്പ്, കോട്ടയം— ളാലം ബ്ലോക്ക്— പൂവരണി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ-147 (ഡി)—ആപ്കോസ്—നിർത്തൽ ചെയ്യൽ— കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ ഓഫീസിലെ 18-11-2016-ലെ ഇതേ നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 22-3-2018-ലെ 221/2018 നമ്പർ കത്ത്.

(3) ഡയറി ഡയറക്ടറുടെ 12-6-2018-ലെ സി3/13909/2015 നമ്പർ കത്ത്.

ദീർഘനാളായി പ്രവർത്തനം നിലച്ചിരുന്ന ളാലം ബ്ലോക്കിലെ പൂവരണി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ-147 (ഡി)—ആപ്കോസ് സമാപ്തീകരിക്കുന്നതിന് ളാലം ബ്ലോക്ക് ഡയറി ഫാം ഇൻസ്ട്രക്ടറെ ലിക്വിഡേറ്ററായി കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു.

എന്നാൽ സംഘത്തിന്റെ രേഖകളും ആസ്തികളും സംബന്ധിച്ച് യാതൊന്നും ലഭ്യമല്ലാത്തതിനാലും ഗസറ്റ് നോട്ടിഫിക്കേഷനും ക്ലെയിം നോട്ടീസിനും ശേഷം യാതൊരു ക്ലെയിമും ലഭ്യമാകാത്തതിനാലും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിന് പരാമർശം (2) പ്രകാരം ലിക്വിഡേറ്റർ ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ഡയറി ഡയറക്ടറുടെ അനുമതി ലഭ്യമായിട്ടുള്ളതുമാകുന്നു.

ഉത്തരവ്

ഈ സാഹചര്യത്തിൽ ളാലം ബ്ലോക്കിലെ പൂവരണി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.-147 (ഡി)-യുടെ രജിസ്ട്രേഷൻ 1969-ലെ സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും സംഘം പിരിച്ചുവിട്ടതായി പ്രഖ്യാപിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ പ്രവർത്തനപരിധി ഉൾപ്പെടുത്തി ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം പുതിയ സംഘം രൂപീകരിക്കേണ്ടതാണ്.

ലിക്വിഡേറ്ററുടെ കൈവശമുള്ള സംഘത്തിന്റെ മുഴുവൻ രേഖകളും 3 വർഷത്തേക്ക് സൂക്ഷിച്ചുവയ്ക്കേണ്ടതുമാണ്. ഈ ഉത്തരവിന് ഇന്നേ ദിവസം മുതൽ പ്രാബല്യമുണ്ടായിരിക്കും.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കോട്ടയം.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.